# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.436

### 28-02-2017 ൽ മറുപടിക്ക്

**കിഫ്ബി പദ്ധതി**

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഹൈബി ഈഡൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി പദ്ധതിയിൽപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ; | 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് കിഫ്ബിയിലൂടെ നടപ്പിലാക്കി വരുന്നത്. 08-08-16 തീയതിയിലെ സ.ഉ (കൈ)315/2016/ധന പ്രകാരം കിഫ്ബിയിലേക്ക് പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ പൂർത്തീകരിച്ച് ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള പദ്ധതികൾക്ക് 27.11.2016 ൽ കൂടിയ കിഫ് ബോർഡിന്റെ 27 ാമത് യോഗം അംഗീകാരം നൽകിയിട്ടുണ്ട്. വിശദവിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി കിഫ്ബിയിൽ ഇതിനോടകം എത്ര കോടി രൂപ സമാഹരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | 2015-16 വർഷത്തെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന 2000 കോടിയിൽ അവശേഷിച്ച 873.85 കോടി, |

| | |
|---|---|
| | പുന:സംഘടിപ്പിയ്ക്കപ്പെട്ട കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മേൽ സൂചിപ്പിച്ച ഭേദഗതി ചെയ്ത കിഫ് ആക്റ്റിലെ ഖണ്ഡിക 7 പ്രകാരം മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.4 കോടിയിൽ 28.14 കോടി രൂപയും, പെട്രോളിയം ഉൽപന്നങ്ങളിന്മേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 1350.09 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. ഇതിനു പുറമേ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനത്തിൽ ശേഷിച്ച തുകയായ 253.29 കോടി രൂപ കൂടി കിഫ്ബിക്ക് അനുവദിച്ചു. ഇതിനു പുറമെ ജനറൽ ഒബ്ലിഗേഷൻ ബോണ്ട്സ്, റവന്യൂ ഒബ്ലിഗേഷൻ ബോണ്ട്സ്, വാണിജ്യ / സഹകരണ ബാങ്കുകളിൽ നിന്ന് ടേം ലോൺ എന്നിവ വഴി ധനസമാഹരണത്തിനുള്ള ശ്രമങ്ങളും കിഫ്ബിയുടെ പരിഗണനയിലാണ്. |
| (സി) നബാർഡിൽ നിന്നും കിഫ്ബിക്ക് എന്തെങ്കിലും സഹായമോ സഹായ വാഗ്ദാനമോ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | കിഫ്ബോർഡിന്റെ യോഗ തീരുമാനമനുസരിച്ച് നബാർഡിൽ നിന്നും കണക്ടിവിറ്റി ആന്റ് അഗ്രിക്കൾച്ചറുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി 4000 കോടി രൂപ ധനസഹായം കിഫ്ബിക്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 27-ാമതു ബോർഡ് അംഗീകരിച്ച പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന പദ്ധതികളുടെ പട്ടിക നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. ആയത് നബാർഡിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്